# വൈഗ - 2021

കഴിഞ്ഞ നാല് വർഷങ്ങളിലായി കർഷക ജനത ഒന്നാകെ നെഞ്ചിലേറ്റിയ അന്താരാഷ്ട്ര പ്രദർശനവും സെമിനാറുകളും ഈ വർഷവും സംസ്ഥാന കൃഷി വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്നു. ഓരോ വർഷവും നാല് ലക്ഷത്തിൽപരം ജനങ്ങളുടെ പങ്കാളിത്തമുണ്ടായിരുന്ന ഈ പരിപാടി കോവിഡ്-19 ന്റെ സാഹചര്യത്തിൽ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരമാവധി ഓൺലൈനായി സംഘടിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ മേളയുടെ പ്രധാന ഇനങ്ങൾ ചുവടെ ചേർക്കുന്നു.

1. വെബിനാറുകൾ
2. വെർച്വൽ എക്സിബിഷനുകൾ
3. എക്സിബിഷൻ ഓൺ വീൽസ്
4. ബി ടു ബി മീറ്റുകൾ
5. ഹാക്കത്തോൺ (വൈഗ അഗ്രി ഹാക്ക് 2021)
6. ഉദ്ഘാടനവും സമാപന സമ്മേളനവും ( അവാർഡ് വിതരണം)

കേരളത്തിലെ കർഷകർക്കും കാർഷിക സംരംഭകർക്കും തങ്ങളുടെ ഉൽപന്നങ്ങൾ നേരിട്ട് വിപണിയിലെത്തിക്കുന്നതിനായി വെർച്വൽ ബി ടു ബി മീറ്റ് വൈഗയുടെ ഭാഗമായി സംഘടിപ്പിക്കുന്നു. ഏകദേശം 150 ഓളം സംരംഭകരുടെ ഉൽപന്നങ്ങൾ ഈ ബി ടു ബി യിലൂടെ വിറ്റഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. APEDA, നോർക്ക, മറ്റ് ഏജൻസികൾ മുഖേന വിദേശ ഏജൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കേരളത്തിലെ ഏതൊരു സംരംഭകനും ഈ മീറ്റിൽ പങ്കെടുത്ത് ഈ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി കർഷകർ വിറ്റഴിക്കാൻ ഉദ്ദേശിക്കുന്ന ഉൽപന്നം എത്രയാണ് എന്നുള്ളതും സംരംഭത്തിന്റെ വിവരങ്ങളും www.keralaagriculture.gov.in എന്ന വെബ് സൈറ്റിലോ 8547641200 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ രജിസ്റ്റർ ചെയ്യേണ്ടതാണ്. സംരംഭങ്ങളെയും ഉല്പന്നങ്ങളെയും കുറിച്ചുള്ള വിഡിയോകളും കൈമാറേണ്ടതാണ്